L1/428/2023-TC

509124/2023/INWARD TC

S1/795/2023/കെ.വി

സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്
തീയതി : 13.06.2023
ഫോൺ: 04829 224141
ഇ-മെയിൽ : kl36.mvd@kerala.gov.in

പ്രേഷിതൻ

നിഷ കെ മണി
സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്
വൈക്കം.

സ്വീകർത്താവ്

ഗതാഗത കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം : മോട്ടോർ വാഹന വകുപ്പ് - വിവരാവകാശ നിയമം 2005 - പ്രകാരമുള്ള അപേക്ഷയുടെ മറുപടി നൽകുന്നത് സംബന്ധിച്ച് :-

സൂചന :07.06.2023 തീയതിയിൽ ഈ കാര്യാലയത്തിൽ സ്വീകരിച്ചിരിക്കുന്ന ശ്രീ മഹേഷ് എം പി സമർപ്പിച്ച 06.06.2023 തീയതിയിലെ വിവരാവകാശ അപേക്ഷ

മേൽ വിഷയത്തിലേക്കു സവിനയം ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു ശ്രീ മഹേഷ് എം പി സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങ ളിൽ 2 മുതൽ 9 വരെ ചോദ്യങ്ങൾക്കു മറുപടി അങ്ങയുടെ ഓഫീസ് മായി ബന്ധപെട്ടതായതിനാൽ ടി അപേക്ഷ യുടെ മറുപടി നല്കുന്നതിലേക്കു ടി അപേക്ഷ അങ്ങയുടെ കാര്യാലയത്തിലേക്കു അയയ്ക്കുന്നു

വിശ്വസ്തതയോടെ

നിഷ കെ മണി
ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ
സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,വൈക്കം

14/6/23

SUB REGIONAL TRANSPORT OFFICE VAIKOM

8/7/6 S1 (293)

COURT FEE 5 रु. Rs.5 भारत INDIA पाँच रुपये FIVE RUPEES

COURT FEE 5 रु. Rs.5 भारत INDIA पाँच रुपये FIVE RUPEES

**<u>വിവരാവകാശ നിയമം 2005</u>**

പ്രേഷകൻ

Mahesh MP
Akhil Bhavanam
Puthusseri bhagam
Vayala P.O
Pathanamthitta - 691554

സ്വീകർത്താവ്

Public Information Officer,
Sub Regional Transport Office
Muncipal Building
Kochukavala
Vaikom PO
Kottayam - 686141

സർ,

വിഷയം : വിവരാവകാശ നിയമം 2005 – പ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിവരാവകാശ നിയമം 2005 പ്രകാരം മറുപടി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു .

1. അങ്ങയുടെ കാര്യാലയത്തിലും, അങ്ങയുടെ കാര്യാലയത്തിന്റെ പരിധിയിലുള്ള വിവിധ കാര്യാലയങ്ങളിലുമായി അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് ആർ.ടി.ഒ, ആർ.ടി.ഒ, എന്നി തസ്തികകളിലെ SANCTIONED STRENGTH, EXISTING STRENGTH, VACANCY എത്രയാണ് എന്നത് പട്ടിക തിരിച്ച് വ്യക്തമാക്കുക.

2. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ജോയിന്റ് ആർ.ടി.ഒ, ആർ.ടി.ഒ, എന്നി തസ്തികകളിൽ **31.05.2023**–ൽ ഉണ്ടായ വിരമിക്കൽ മൂലം എത്ര ഒഴിവുകൾ സൃഷ്ടിച്ച എന്ന് പട്ടിക തിരിച്ച് വ്യക്തമാക്കുക.

3. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ ഉള്ള **(01.06.2023 പ്രാബല്യത്തിൽ)** ഒഴിവുകളിൽ കേരളാ പി.എസ്.സി–യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയാണ്, പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്ത കത്ത്/ഫയൽ നമ്പർ കൂടി ലഭ്യമാക്കുക.

4. 15.12.2022–ാം തീയതിയ്ക്കുശേഷം കേരളാ പി.എസ്.സി–യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയാണ് എന്ന് വ്യക്തമാക്കുക.

5. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ കേരളാ പി.എസ്.സി–യിൽ റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുക.

6. 01.06.2023 പ്രാബല്യത്തിൽ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ ഉള്ള ഒഴിവുകളിൽ കേരളാ പി.എസ്.സി വഴി നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഒഴിവുകൾ എത്രയാണ് എന്ന് വ്യക്തമാക്കുക.

7. നിലവിൽ ഉള്ള ജീവനക്കാരുടെ വിവരങ്ങൾ പ്രകാരം അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ വിരമിക്കൽ മൂലം 2023 ജൂൺ മുതൽ 2026 മെയ് വരെ ഉണ്ടാവാൻ സാധ്യതയുള്ള ഒഴിവുകളുടെ എണ്ണം പട്ടിക തിരിച്ച്, ഓരോ മാസം അടിസ്ഥാനത്തിൽ വ്യക്തമാക്കുക.

8. 01.06.2023 മുതൽ 31.05.2026 വരെയുള്ള കാലയളവിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിന്നും ജോയിന്റ് ആർ.ടി.ഒ തസ്തികളിലേക്കും, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിന്നും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികളിലേക്കും സ്ഥാനക്കയറ്റം ലഭിക്കുക വഴി ഉണ്ടാവാൻ സാധ്യതയുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കുക.

9. സേഫ് കേരളാ പദ്ധതിയുടെ ഭാഗമായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിലേയും, കണ്ട്രോൾ റൂമുകളിലെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുക.

വിശ്വസ്തതയോടെ

Mahesh MP

സ്ഥലം : Puthussaribhagam

തീയതി : 06/06/2023